"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 13.08.2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ സ്കീം പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ MGNREGS-ന് കീഴിൽ നടത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ - തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1990/2024/LSGD തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-
1. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്ത്
2. 22.01.2024, 13.08.2024 തീയതികളിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.96, 2.7(4.96) നമ്പർ തീരുമാനങ്ങൾ

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2019-20-ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ MGNREGS-ന് കീഴിൽ ഏറ്റെടുത്തിരുന്നു. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരുന്ന i. തിരുഅറയ്ക്കൽ- ഉപ്പോട്ട് ഏലാ റോഡ് കോൺക്രീറ്റ് (വാർഡ്:5), ii. എ.കെ.എം.എച്ച്.എം - ബ്രാഞ്ച് റോഡ് കോൺക്രീറ്റ് (വാർഡ്-3), iii. കൈതക്കെട്ട് - ആലുവിള തടം റോഡ് കോൺക്രീറ്റ് (വാർഡ്-2) എന്നീ റോഡ് പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ താമസിച്ചതിനാൽ, 2020-21-ൽ ടി റോഡുകളുടെ ചില ഭാഗങ്ങൾ ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ച് ചെയ്തുവെന്നും അതിനാൽ MGNREGS പ്രകാരം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന്റെ നീളം എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കുറച്ച് ചെയ്താൽ മതിയെന്ന സാഹചര്യം വന്നതിനാൽ MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത മറ്റ് മൂന്ന് റോഡുകളുടെ കോൺക്രീറ്റിംഗ് കൂടി നടത്തുകയും വേതനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകുകയും ചെയ്തുവെന്നും എന്നാൽ മെറ്റീരിയൽ നൽകിയ വെണ്ടർക്ക് 3,78,763/- രൂപ നൽകാൻ കഴിഞ്ഞിട്ടില്ല എന്നും ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി മുൻപാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. 22.01.2024-ൽ ചേർന്ന കോർഡിനേഷൻ സമിതി യോഗം, വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ MGNREGS മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

2. മിഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് 13.08.2024-ൽ ചേർന്ന കോർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും മേൽ പറഞ്ഞ റോഡ് പ്രവൃത്തികളുടെ മെറ്റീരിയൽ നൽകിയ

വെണ്ടർക്ക് നൽകേണ്ട തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് MGNREGS വിഹിതം ഉപയോഗിച്ചതിൽ പിശകുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡ പ്രകാരമല്ലാതെ MGNREGS പ്രവൃത്തി ചെയ്ത ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കാൻ മിഷൻ ഡയറക്ടറേയും പ്രിൻസിപ്പൽ ഡയറക്ടറേയും യോഗം ചുമതലപ്പെടുത്തി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2019-20-ൽ MGNREGS പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുത്ത ചുവടെ പറയുന്ന പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത വെണ്ടർക്ക് നൽകേണ്ട അർഹമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

i. തിരുഅറയ്ക്കൽ- തുപ്പോട്ട് ഏലാ റോഡ് കോൺക്രീറ്റ്, വാർഡ്:5.

ii. എ.കെ.എം.എച്ച്.എം - ബ്രാഞ്ച് റോഡ് കോൺക്രീറ്റ്, വാർഡ്-3

iii. കൈതക്കെട്ട് - ആല്ലുവിള തടം റോഡ് കോൺക്രീറ്റ് വാർഡ്-2

4. MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് MGNREGS വിഹിതം ഉപയോഗിച്ചതിൽ പിശകുള്ളതിനാൽ മാനദണ്ഡ പ്രകാരമല്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും MGNREGS പ്രവൃത്തി ചെയ്യാനിടയാക്കിയ ബന്ധപ്പെട്ടവരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേയും MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറെയും ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
പ്രസിഡണ്ട്/സെക്രട്ടറി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം
ജില്ലാ പ്ലാനിംഗ് ഓഫീസർ,കൊല്ലം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 19-10-2024 16:42:36
സെക്ഷൻ ഓഫീസർ